ഭരണഭാഷ-മാതൃഭാഷ

# വെള്ളൂർ ഗ്രാമ പഞ്ചായത്ത്
## പിൻ കോഡ്- 686609
## GSTIN:32AAALV1237C1ZI ഫോൺ നമ്പർ : 0482-9257171
## velorkdyktym@gmail.com

**നമ്പർ: 5467558-2026** **തീയതി : 07-09-2026**

ടെണ്ടർ പരസ്യം

വെള്ളൂർ ഗ്രാമ പഞ്ചായത്തിലെ വാർഷിക പദ്ധതി 2026-27 ൽ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ട് നമ്പർ-36/26-27 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി എന്ന പ്രോജക്ടിൽ വെള്ളൂർ ഗ്രാമ പഞ്ചായത്ത് അധികാര പരിധിയിലെ കെ.എസ്.ഇ.ബി. സംരക്ഷണയിലുള്ള എല്ലാ തെരുവ് വിളക്കുകളുടെയും പരിപാലനത്തിന് - (ഐ.എസ്.ഐ. മുദ്രയുള്ള സാധനസാമഗ്രികൾ ഉൾപ്പെടെ) വാർഷിക അറ്റകുറ്റപ്പണി (എ.എം.സി)കരാർ മുഖേന പ്രവർത്തി നടത്തുന്നതിന് നിയമാനുസൃത അംഗീകൃത ഏജൻസികൾ / ലൈസൻസുള്ള അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു.കരാർ ലഭിക്കുന്ന ആൾ പഞ്ചായത്തുമായി 200 രൂപ മുദ്ര പത്രത്തിൽ കരാർ ഉടമ്പടി വെയ്ക്കേണ്ടതും അടങ്കൽ തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റായി ഒടുക്കു വരുത്തേണ്ടതുമാണ്. കരാറുകാരൻ 15/09/2011 ലെ സർക്കുലർ നമ്പർ.3055/ഡിഎ3/2011/തസ്വഭവ പ്രകാരവും പ്രൊക്യൂർമെൻറ് മാന്വൽ വ്യവസ്ഥകൾക്ക് അനുസൃതമായി സ്വന്തം ഉത്തരവാദിത്വത്തിൽ പണി പൂർത്തീകരിച്ച് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും. ടെണ്ടർ സംബന്ധമായ എല്ലാ വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിൻറെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | ദർഘാസ് ഫീസ് |
|---|---|---|---|---|---|
| 1 | 36/26-27 | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി | 200000 | 5000 | 500+ജി.എസ്.ടി |

കരാറുകാരൻ സർക്കാർ ഉത്തരവ് നമ്പർ 3055/ഡിഎ 3/2011/തസ്വഭവ തീയതി 15/09/2011 പ്രകാരം എഗ്രിമെൻറ് നൽകേണ്ടതും ആയതു പ്രകാരം പ്രവർത്തി നിർവ്വഹിക്കേണ്ടതുമാണ്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൻറെയും ഭരണസമിതിയുടെ അനുമതിയുടെയും അടിസ്ഥാനത്തിൽ മൂന്നു ഗഡുക്കളായി തുക അനുവദിക്കുന്നതായിരിക്കും. കരാർ തീയതി മുതൽ ഒരു വർഷക്കാലം പഞ്ചായത്തിൻറെ നിർദ്ദേശാനുസരണം , നിർദ്ദേശം ലഭിച്ച് മൂന്നു ദിവസത്തിനകം തെരുവുവിളക്കുകളുടെ തകരാർ പരിഹരിക്കുന്നതിനാവശ്യമായ നപടികൾ സ്വീകരിക്കേണ്ടതാണ്.

---------------------------------------------------------------

ടെണ്ടർ നടത്തപ്പെടുന്ന സമയവിവരങ്ങളും മറ്റും ചുവടെ പ്രതിപാദിക്കുന്നു.

ടെണ്ടർ ഫാറം വിതരണം ചെയ്യുന്ന അവസാന തീയതി, സമയം -22/09/2026- ന് 1.00 മണി വരെ.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി സമയം -22/09/2026 ന് 3.00 മണി വരെ.

ടെണ്ടർ തുറക്കുന്ന തീയതി സമയം - 22/09/2026 ന് 4.00 മണി.

*ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനമോ കരാറുകാരോ ജിഎസ്ടി രജിസ്ട്രേഷൻ ഉള്ളവരായിരിക്കണം.

---------------------------------------------------------------

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്

Signature Not Verified
Digitally signed by Asha Gopal
Date: 2026.09.07 10:17:05 IST
Reason: KSMART